അരിവില വർദ്ധനവു്

* 58. [15] ശ്രീ. എൻ. ഈ. ബലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്തകാലത്തായി അരിയുടെ വില ക്രമാതീതമായി വർദ്ധിച്ചകാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ വിലക്കയറ്റം തടയാൻ എന്തു നടപടികളാണു് സ്വീകരിച്ചിട്ടുള്ളതു് ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്): ഇതുപോലെയുള്ള ഒരു ചോദ്യത്തിനു നേരത്തെ ഉത്തരം പറഞ്ഞിട്ടുള്ളതാണു്.

അരിവില വർദ്ധനവു്

* 59. [22] ശ്രീ. കെ. എം. ജോർജ്ജു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963 ഡിസംബർമാസത്തിൽ സംസ്ഥാനത്തു് അരിവിലയിൽ സാരമായ വർദ്ധനവുണ്ടായോ ;

(ബി) ഉവ്വു് എങ്കിൽ പ്രധാന ഇനങ്ങൾക്കു് എന്തു വിലവർദ്ധനവുണ്ടായി ;

(സി) ഈ വർദ്ധനവിനു കാരണമെന്തായിരുന്നു ;

(ഡി) ഈ വിലക്കയറ്റം തടയാൻ എന്തെല്ലാം നടപടികളെടുത്തു ;

(ഇ) കേന്ദ്രഗവണ്മെൻറിൽനിന്നും എന്തെല്ലാം ആനുകൂല്യങ്ങളാ ഇതിലേക്കു് ലഭിച്ചു ?

മി. സ്പീക്കർ: എ-സ്സും ബി-ക്കും നേരത്തെ ഉത്തരം പറഞ്ഞിട്ടുള്ളതാണു്.

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്): (സി) കേരളത്തിലേക്കു് ചമ്പാഅരി കൂടുതൽ അയച്ചുകൊണ്ടിരുന്ന കന്യാകുമാരി ഡിസ്ട്രിക്ടിലും, തഞ്ചാവൂർ ഡിസ്ട്രിക്ടിലും തുടർച്ചയായി മഴയായിരുന്നതിനാൽ അവിടെനിന്നും അരി കേരളത്തിലേക്കു് തുടർച്ചയായി അയയ്ക്കാൻ കഴിഞ്ഞില്ല. തന്മൂലം കേരളത്തിലെ പ്രധാനസെൻറുകളിൽ സ്റ്റോക്കു കുറവുണ്ടാകുകയും, അരിയുടെ വില വർദ്ധിക്കുകയും ചെയ്തു. ചമ്പാഅരിയുടെ വില വർദ്ധനവുമൂലം ആന്ധ്രാ അരിക്കും പൊന്നി തോതിൽ വില വർദ്ധനവു് ഉണ്ടായി.

Mr. Speaker : Question (d) has been already answered.

ശ്രീ. ഈ. പി. ഗോപാലൻ: ഈ വിലവർദ്ധനവു തടയാൻ കേന്ദ്രത്തിൽനിന്നും എന്തെല്ലാം ആനുകൂല്യങ്ങളാ ലഭിച്ചു എന്നുള്ളതിനു മറുപടി പറഞ്ഞില്ല.

ശ്രീ. ഈ. പി. പൗലോസു്: കേന്ദ്രഗവണ്മെൻറിൽനിന്നും 5000 ടൺ അരി കൂടുതലായി അനുവദിച്ചു.

അരിവില വർദ്ധനവു്.

* 60. [27] ശ്രീ. പി. ആർ. ഫ്രാൻസിസ്സു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) അരിവില കൂടാതിരിക്കുവാൻ എന്തു നടപടികളാ ഗവണ്മെൻറു് സ്വീകരിച്ചു;

(ബി) ഇനി എന്തെല്ലാം സ്വീകരിക്കുവാൻ പോകുന്നുണ്ടു്?

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: (a) has already been answered. (b) alone need be answered.

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസ്):

(ബി) ഇപ്പോഴും അരിവില താണുകൊണ്ടിരിക്കുകയാണ്. സ്ഥിതി ഗതികളും വീക്ഷിച്ചുകൊണ്ടിരിക്കുന്നു. ഇനി എന്തെല്ലാം ചെയ്യുവാൻപോകുന്നുവെന്നു് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല. സ്ഥിതിഗതിക്കനുസരിച്ചു വേണ്ട നടപടികളും എടുക്കുന്നതാണു്.

നിത്യോപയോഗസാധനങ്ങളുടെ വിലവർദ്ധനവു്.

* 61. [30] ശ്രീ. പി. എസ്സ്. ശ്രീനിവാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരിയുടേയും മറ്റു നിത്യോപയോഗസാധനങ്ങളുടേയും വില എത്രനാൾ മാസങ്ങളായി അത്യധികമായി വർദ്ധിച്ചുവരുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) 1963 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ അരിയുടേയും മറ്റു പ്രധാന നിത്യോപയോഗസാധനങ്ങളുടേയും വിലനിലവാരം എന്തായിരുന്നു;

(സി) 1960, 1961, 1962 എന്നീ വർഷങ്ങളിൽ ഇതേമാസങ്ങളിൽ ഈ സാധനങ്ങളുടെ വിലനിലവാരം എന്തായിരുന്നു;

(ഡി) 1963-ൽ അവസാനമാസങ്ങളിൽ അരിവില ഗണ്യമായി വർദ്ധിക്കാൻ കാരണമെന്തു്;

(ഇ) ഈ വിലവർദ്ധനവു് നിയന്ത്രണാധീനമാക്കുന്നതിനുവേണ്ടി എന്തൊക്കെ നടപടികളും സ്വീകരിച്ചു?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസ്): (എ) അരിയുടെ വില കഴിഞ്ഞ ഡിസംബർമാസം ആദ്യത്തെ രണ്ടാഴ്ചയിൽ താരതമ്യേന വർദ്ധിച്ചിരുന്നു. മറ്റു ചില നിത്യോപയോഗസാധനങ്ങളുടെ വിലയിലും ചെറിയ വർദ്ധനവുണ്ടായിട്ടുണ്ടു്.

(ബി) വില നിലവാരത്തിന്റെ വിവരം കാണിക്കുന്ന† സ്റ്റേറ്റുമെൻറു് മേശപ്പുറത്തു വച്ചിരിക്കുന്നു.

(സി) ‡ സ്റ്റേറ്റുമെൻറു് മേശപ്പുറത്തു വച്ചിരിക്കുന്നു.

(ഡി) സാധാരണമായി കേരളത്തിലെ വ്യാപാരികളുടെ അരി സപ്ലൈ ചെയ്യുന്ന തഞ്ചാവൂർ, കന്യാകുമാരി മുതലായ ഡിസ്ട്രിക്ടുകളിൽ തുടച്ചയായി മഴയുണ്ടായിരുന്നതിനാൽ അവിടത്തെ മില്ലുകളിൽനിന്നും അരി കയറ്റി അയയ്ക്കുന്നതിനു് സാധിക്കാതെ വരികയും, തന്മൂലം ചമ്പാ ഇനം അരിയുടെ സ്റ്റോക്കു് വളരെ കുറയുകയും, അരിവില കൂടുകയും ചെയ്തു.

(ഇ) ആന്ധ്രായിൽനിന്നും കേരളത്തിലേക്കു് കൂടുതൽ അരികൊണ്ടുവരുന്നതിനു വേണ്ടത്ര റെയിൽവേ വാഗണുകളും നൽകുന്നതിനു റെയിൽവേ അധികൃതരുമായി ഏർപ്പാടുകളും ചെയ്തു.

കേരളത്തിലേക്കു് അയയ്ക്കുന്ന അരിവാഗണുകളും റെയിൽവേ ജംഗ്ഷനുകളിൽ താമസിപ്പിക്കാതെ വേഗത്തിൽ നേരിട്ടു് ഇവിടെ എത്തിക്കുന്നതിനുള്ള

† Appendix I.

‡ Placed in the library.

LIBRARY ARCHIVES Kerala Legislative Assembly